# യൂസുഫ് നബിയും ഇബ്റാഹീം നബിയും

● ഇ.സി സൈമൺ മാസ്റ്റർ

**ബൈബിളിലും** ഖുർആനിലും സവിസ്തരം പ്രതിപാദിച്ചിട്ടുള്ളതാണ് യഅ്ഖൂബ് നബിയുടെ പുത്രൻ ജോസഫ് എന്ന യൂസുഫ് നബിയുടെ കഥ. രണ്ടു ഗ്രന്ഥങ്ങളും ഇത്ര വിശദമായി രേഖപ്പെടുത്തിയിട്ടുള്ള മറ്റൊരു സംഭവമില്ല. രണ്ടിലെയും വിവരണങ്ങൾ തമ്മിലുമില്ല കാര്യമായ അന്തരം. യഅ്ഖൂബ് നബിക്ക് ഇസ്രായേൽ എന്ന മറ്റൊരു പേരുമുണ്ടായിരുന്നു. ഇബ്റാഹീം നബിയുടെ പുത്രൻ ഇസ്ഹാഖ് നബിയായിരുന്നു യഅ്ഖൂബ് നബിയുടെ പിതാവ്.

യഅ്ഖൂബ് നബിയുടെ പന്ത്രണ്ട് പുത്രന്മാരിൽ പതിനൊന്നാമനായ ജോസഫിനെ പിതാവ് കൂടുതൽ സ്നേഹിക്കുന്നതായി സംശയിച്ച സഹോദരന്മാർക്കുണ്ടായ അസൂയയുടെ ഫലമായി അവനെ നശിപ്പിക്കാൻ അവർ തീരുമാനമെടുത്തു. വധിച്ചുകളയാനായിരുന്നു ആദ്യം ആലോചിച്ചതെങ്കിലും വീണ്ടുവിചാരത്തിന്റെ ഫലമായി പൊട്ടക്കിണറിൽ ഉപേക്ഷിച്ചാൽ മതിയെന്ന് നിശ്ചയിച്ചു. ഈജിപ്തുകാരായ കച്ചവടസംഘത്തിന്റെ കണ്ണിൽ പെട്ടതുകൊണ്ട് രക്ഷപ്പെട്ട അവനെ അവിടത്തെ ഒരു പ്രമുഖൻ വിലയ്ക്കുവാങ്ങി. സുഖസൗകര്യങ്ങളോടുകൂടി വളർന്ന അവൻ അല്ലാഹുവിന്റെ പ്രത്യേകാനുഗ്രഹത്താൽ ബുദ്ധിയിലും വിവേകത്തിലും മാത്രമല്ല ശരീരസൗന്ദര്യത്തിലും ആരേക്കാളും മികച്ചവനായി.

യുവാവായ ജോസഫിനോട് യജമാന പത്നിക്ക് മോഹമുദിച്ചു. അവനെ വശത്താക്കാനുള്ള ശ്രമങ്ങളൊന്നും വിജയിച്ചില്ല. അവളുടെ ബലപ്രയോഗത്തിൽ നിന്ന് പുറത്തുകടക്കാനുള്ള ശ്രമത്തിൽ അവന്റെ ഷർട്ടു കീറി. ആ സമയത്തായിരുന്നു യജമാനന്റെ പ്രവേശനം. ഉടനെ അവൾ ജോസഫിനെതിരായി ആരോപണമുന്നയിച്ചു. നിരപരാധിയായ അവന്റെ ന്യായവാദങ്ങൾ സ്വീകരിക്കപ്പെട്ടില്ല. സത്യം തെളിയിക്കുന്നതിന് സഹായകമായ ഒരു നിർദേശം ആ വീട്ടിലെ ജോലിക്കാരൻ ഉന്നയിച്ചത് ജോസഫിന് തുണയായി. ഷർട്ടിന്റെ ഏതു ഭാഗമാണ് കീറിയതെന്ന് പരിശോധിക്കാനായിരുന്നു അയാളുടെ നിർദേശം. മുൻഭാഗത്താണ് കീറിയിട്ടുള്ളതെങ്കിൽ കൈയേറ്റക്കാരൻ ജോസഫ്. അതല്ല പിൻഭാഗമാണ് കീറിയതെങ്കിൽ സ്ത്രീയാണ് കുറ്റവാളി. പരിശോധനയിൽ പിൻഭാഗം കീറിയതായി കണ്ടതുകൊണ്ട് കുറ്റക്കാരി സ്ത്രീയെന്നു തെളിഞ്ഞു. എങ്കിലും പിന്നീട് ആ വീട്ടിൽ താമസിക്കുന്നതിനേക്കാൾ ഭേദം ജയിൽവാസമെന്ന ദൈവനിശ്ചയമനുസരിച്ച് ജോസഫിന് കുറേക്കാലം ജയിലിൽ കഴിയേണ്ടി വന്നു.

ജോസഫിനെ കെണിയിൽ പെടുത്താനുള്ള യജമാനപത്നിയുടെ കുതന്ത്രങ്ങൾ ബൈബിൾ വിവരിക്കുന്നുണ്ടെങ്കിലും കുറ്റം തെളിയിക്കുന്നതിന് വേലക്കാരൻ ഉപദേശിച്ചുകൊടുത്ത പ്രായോഗിക ബുദ്ധിയെപ്പറ്റി അതിൽ വിവരണമില്ല. സ്വന്തം അടിമയായ ജോസഫിന്റെ കാര്യത്തിൽ അപഹാസ്യയായിത്തീർന്ന യജമാനസ്ത്രീ അപമാനം ഇല്ലാതാക്കുന്നതിന് സ്വയം ന്യായീകരിക്കുന്നതിനുമുള്ള ശ്രമമായി പിന്നെ. ബൈബിൾ വിവരിച്ചിട്ടില്ലാത്ത ആ സംഭവം ഖുർആനിൽ ഇങ്ങനെ കാണുന്നു:

തന്റെ സുഹൃത്തുക്കളായ ഉന്നത കുടുംബങ്ങളിലെ വനിതകൾക്ക് യജമാനപത്നി ഒരു വിരുന്നു നൽകി. ഭക്ഷണവേളയിൽ എല്ലാവർക്കും കൊടുത്തു ഓരോ ആപ്പിളും കത്തിയും. തക്കസമയത്ത് ജോസഫിനെയും വരുത്തി. ജോസഫിനെക്കണ്ട് സ്ത്രീകൾ സ്വയം മറന്ന് പകച്ചുനിന്നു. ഇങ്ങനെയും ഒരു പുരുഷനോ? ആരും കണ്ടിട്ടില്ല ഇതുപോലൊരു യുവകോമളനെ. തീർച്ചയായും ഇതൊരു മനുഷ്യനല്ല; മാലാഖതന്നെ. അറിയാതെ കൈമുറിഞ്ഞു എല്ലാവരുടെയും.

അവൾ ചോദിച്ചു: ഇപ്പോൾ നിങ്ങൾക്കു ബോധ്യമായില്ലേ, ജോസഫിനോട് എനിക്ക് അഭിലാഷം തോന്നിയതെന്തുകൊണ്ടെന്ന്? അതെ, അതു ശരിയായിരുന്നു. അവരും അംഗീകരിച്ചു.

യഅ്ഖൂബ് നബിയുടെയും യൂസുഫ് നബിയുടെയും ജീവിതകഥകൾ ചരിത്രങ്ങളെന്ന നിലയിൽ ബൈബിളിൽ ദീർഘമായി പ്രതിപാദിച്ചിട്ടുണ്ടെങ്കിലും അത് ഖുർആനിലെ പോലെ ആത്മീയവശത്തിന് പ്രാധാന്യം കൊടുത്തുകൊണ്ടല്ല എന്നത് ഇരുഗ്രന്ഥങ്ങളും തമ്മിലുള്ള ശ്രദ്ധേയമായ വ്യത്യാസമായി കാണാം.

ഇബ്റാഹീം നബിയെപ്പറ്റി വളരെ വിശദമായി ബൈബിൾ പ്രതിപാദിക്കുന്നുണ്ടെങ്കിലും അദ്ദേഹത്തിന്റെ ജീവിതത്തിലെ ചില അതിപ്രധാന സംഭവങ്ങൾ എന്തുകൊണ്ടോ പരാമർശിക്കപ്പെട്ടിട്ടില്ല. സീനായ് മലയിൽ വെച്ച് മൂസാ നബിയെ ഏകദൈവവിശ്വാസത്തെപ്പറ്റിയും വിഗ്രഹാരാധനക്കെതിരായും പഠിപ്പിക്കുന്നതിന് ഏകദേശം അറുന്നൂറ്റി അൻപത് വർഷങ്ങൾക്കു മുമ്പുതന്നെ അല്ലാഹു ഇബ്റാഹീം നബിയെ അക്കാര്യങ്ങൾ പഠിപ്പിച്ചിരുന്നു. പൂർണമായും ആ വിശ്വാസസത്യങ്ങൾ ഉൾക്കൊണ്ടായിരുന്നു അദ്ദേഹത്തിന്റെ ജീവിതം. ജീവൻ അപകടത്തിലാണെന്നറിഞ്ഞിട്ടും സത്യവിശ്വാസത്തിൽ നിന്ന് പിന്മാറാനോ ശരിയെന്നു തോന്നിയ വിശ്വാസം ഉപേക്ഷിക്കാനോ അദ്ദേഹം തയാറായില്ല. ബഹുദൈവാരാധകർ അഗ്നികുണ്ഡത്തിലേക്ക് എടുത്തെറിഞ്ഞിട്ടും പതറാതെ അല്ലാഹുവിൽ സമ്പൂർണമായി വിശ്വാസമർപ്പിച്ച മഹദ്വ്യക്തിത്വമായിട്ടാണ് ഖുർആൻ അദ്ദേഹത്തെ പരിചയപ്പെടുത്തുന്നത്:

നേരത്തേ നാം ഇബ്റാഹീമിന് തന്റേതായ വിവേകം നൽകിയിരുന്നു. നമുക്കദ്ദേഹത്തെ നന്നായറിയാമായിരുന്നു.

അദ്ദേഹം തന്റെ പിതാവിനോടും ജനത്തോടും ചോദിച്ചതോർക്കുക: "നിങ്ങൾ പൂജിക്കുന്ന ഈ പ്രതിഷ്ഠകൾ എന്താണ്?"

അവർ പറഞ്ഞു: "ഞങ്ങളുടെ പിതാക്കൾ ഇവയെ പൂജിക്കുന്നത് ഞങ്ങൾ കണ്ടിട്ടുണ്ട്."

അദ്ദേഹം പറഞ്ഞു: "തീർച്ചയായും നിങ്ങളും നിങ്ങളുടെ പിതാക്കളും വ്യക്തമായ വഴികേടിലാണ്."

അവർ ചോദിച്ചു: "അല്ല; നീ കാര്യമായിത്തന്നെയാണോ ഞങ്ങളോടിപ്പറയുന്നത്; അതോ കളിതമാശ പറയുകയോ?"

അദ്ദേഹം പറഞ്ഞു: "അല്ല, യഥാർഥത്തിൽ നിങ്ങളുടെ നാഥൻ ആകാശഭൂമികളുടെ സംരക്ഷകനാണ്. അവയെ സൃഷ്ടിച്ചുണ്ടാക്കിയവൻ. ഇത് സത്യംതന്നെയെന്ന് ഞാൻ നിങ്ങൾക്കു മുന്നിൽ സാക്ഷ്യം വഹിക്കുന്നു."

"അല്ലാഹു തന്നെ സത്യം! നിങ്ങൾ പിരിഞ്ഞുപോയ ശേഷം നിങ്ങളുടെ ഈ വിഗ്രഹങ്ങളുടെ കാര്യത്തിൽ ഞാനൊരു തന്ത്രം പ്രയോഗിക്കും."

അദ്ദേഹം അവയെ തുണ്ടം തുണ്ടമാക്കി, വലിയ ഒന്നിനെയൊഴികെ. ഒരുവേള അവർ സത്യത്തിലേക്കു തിരിച്ചു വന്നെങ്കിലോ?

അവർ ചോദിച്ചു: "നമ്മുടെ ദൈവങ്ങളോട് ഇവ്വിധം ചെയ്തവനാര്? ആരായാലും അവൻ അക്രമി തന്നെ."

ചിലർ പറഞ്ഞു: "ഇബ്റാഹീം എന്നു പേരുള്ള ഒരു ചെറുപ്പക്കാരൻ ആ ദൈവങ്ങളെപ്പറ്റി സംസാരിക്കുന്നത് ഞങ്ങൾ കേട്ടിട്ടുണ്ട്."

അവർ പറഞ്ഞു: "എങ്കിൽ നിങ്ങളവനെ ജനങ്ങളുടെ കൺമുന്നിൽ കൊണ്ടുവരിക. അവർ സാക്ഷിപറയട്ടെ."

അവർ ചോദിച്ചു: "ഇബ്റാഹീമേ, നീയാണോ ഞങ്ങളുടെ ദൈവങ്ങളെ ഇവ്വിധം ചെയ്തത്?"

അദ്ദേഹം പറഞ്ഞു: "അല്ല; ആ ദൈവങ്ങളിലെ ഈ വലിയവനാണിതു ചെയ്തത്. നിങ്ങളവരോടു ചോദിച്ചു നോക്കൂ. അവർ സംസാരിക്കുമെങ്കിൽ!"

അപ്പോൾ അവർ തങ്ങളുടെ ബോധതലത്തിലേക്കൊന്നു തിരിഞ്ഞു. അങ്ങനെ അവരന്യോന്യം പറഞ്ഞു: "നിങ്ങൾ തന്നെയാണ് അതിക്രമികൾ."

പിന്നെയവർ തലതിരിഞ്ഞു. അവർ പറഞ്ഞു: "ഇവർ സംസാരിക്കുകയില്ലെന്ന് നിനക്കറിയാമല്ലോ."

"അപ്പോൾ നിങ്ങൾ അല്ലാഹുവെക്കൂടാതെ പൂജിക്കുന്നത് നിങ്ങൾക്ക് എന്തെങ്കിലും ഉപകാരമോ ഉപദ്രവമോ ചെയ്യാത്ത വസ്തുക്കളെയാണോ?

"നിങ്ങളുടെയും, അല്ലാഹുവെക്കൂടാതെ നിങ്ങൾ പൂജിക്കുന്നവയുടെയും കാര്യം അത്യന്തം അപമാനകരം തന്നെ. നിങ്ങളൊട്ടും ചിന്തിക്കുന്നില്ലേ?"

അവർ പറഞ്ഞു: "നിങ്ങളിവനെ ചുട്ടെരിക്കുക. അങ്ങനെ നിങ്ങളുടെ ദൈവങ്ങളെ തുണക്കുക. നിങ്ങൾ വല്ലതും ചെയ്യാനുദ്ദേശിക്കുന്നുവെങ്കിൽ അതാണ് വേണ്ടത്."

നാം പറഞ്ഞു: "തീയേ, തണുക്കൂ; ഇബ്റാഹീമിന് രക്ഷാകവചമാകൂ."

അദ്ദേഹത്തിനെതിരെ അവർ തന്ത്രമൊരുക്കി. എന്നാൽ നാമവരെ എല്ലാം നഷ്ടപ്പെട്ടവരാക്കി. മുഴുലോകർക്കും നാം അനുഗ്രഹങ്ങൾ ഒരുക്കിവെച്ച നാട്ടിലേക്ക് അദ്ദേഹത്തെയും ലൂത്വിനെയും രക്ഷപ്പെടുത്തി (21: 51-71).

(തുടരും)